**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രയ പദ്ധതി - മലപ്പുറം ജില്ലയിലെ ചേലാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ രണ്ടാം ഘട്ട ആശ്രയ പദ്ധതി കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 3217/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 05/10/2017**

---

പരാമർശം (1) 27.05.2014 ലെ സ.ഉ. (സാധാ) നം.1297/2017/തസ്വഭവ ഉത്തരവ്

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.08.2017 ലെ 6581/എൽ/2013/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവു പ്രകാരം മലപ്പുറം ജില്ലയിലെ ചേലാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ രണ്ടാംഘട്ട ആശ്രയ പദ്ധതിക്ക് അനുമതി നൽകിയിരുന്നു. എന്നാൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരാമർശം (2) കത്തിൽ, 2017 മാർച്ച് 31 ന് പദ്ധതി കാലാവധി പൂർത്തിയായിട്ടുണ്ടെങ്കിലും ഭക്ഷണം ലഭ്യമാക്കൽ, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം തുടങ്ങിയവ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ രണ്ടാം ഘട്ട ആശ്രയ പദ്ധതിയുടെ കാലാവധി 2018 മാർച്ച് 31 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ ചേലാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1) മുഖേന അനുമതി നൽകിയ രണ്ടാം ഘട്ട ആശ്രയ പദ്ധതിയിലെ ഭക്ഷണം ലഭ്യമാക്കൽ, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം തുടങ്ങിയവ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അതിനുള്ള കാലാവധി 2018 മാർച്ച് 31 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ലീന എൻ.പി.**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചേലാമ്പ്ര ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**